**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2896** 06.11.2019 ൽ മറുപടിയ്ക്ക്

# ഹരിപ്പാട് പള്ളിപ്പാട് ഐ.റ്റി.ഐ. വിപുലീകരണം

*ചോദ്യം*
ശ്രീ.റോജി എം. ജോൺ :

*ഉത്തരം*
ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| **(എ)** ഹരിപ്പാട് പള്ളിപ്പാട് പ്രവർത്തിക്കുന്ന സർക്കാർ ഐ.റ്റി.ഐ യുടെ പ്രവർത്തനം വിപുലപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;<br>**(ബി)** പ്രസ്തുത സ്ഥാപനത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;<br>**(സി)** പ്രസ്തുത പ്രവർത്തിക്ക് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ? | **(എ) യും (ബി) യും (സി) യും**<br>നിലവിലെ സാഹചര്യത്തിൽ പള്ളിപ്പാട് സർക്കാർ ഐ.ടി.ഐ.യിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യം ലഭ്യമല്ല. ഐ.ടി.ഐ.യുടെ നിലവിലെ കെട്ടിടത്തിന് മുകളിൽ രണ്ട് നിലകൾ കൂടി പണികഴിപ്പിക്കുന്നതിനുള്ള എസ്റ്റിമേറ്റ് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനിൽ നിന്നും ലഭിച്ചിട്ടുണ്ട്. പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പ്രസ്തുത എസ്റ്റിമേറ്റിൽ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. ടി ഐ.ടി.ഐ. ൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നത് സംബന്ധിച്ച ശിപാർശകളൊന്നും നിലവിൽ സർക്കാരിൽ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ